# The Ministry of Human Empowerment
# Catholicate Aramana, Devalokam P.O, Kottayam
# Pin : 686004

## *അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ*

1. **സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് ആണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.** ഒരു വീട്ടിൽ നിന്ന് ഒരു കുട്ടി മാത്രമേ അപേക്ഷ സമർപ്പിക്കാവൂ. (+1,+2 തലത്തിൽ പഠിക്കുന്നവർ മുമ്പ് നടന്ന പരീക്ഷയിൽ 80% മാർക്കും ഡിപ്ലോമ / ഡിഗ്രി തലത്തിലുള്ളവർക്ക് തൊട്ട് മുമ്പ് നടന്ന പരീക്ഷയിൽ 70% മാർക്കും ഉണ്ടായിരിക്കണം.) **പി.ജി. തലത്തിലുള്ളവർ അപേക്ഷിക്കേണ്ടതില്ല.**

2. ആപ്ലിക്കേഷൻ ഫോമിലെ എല്ലാ കോളവും പൂർണ്ണമായി പൂരിപ്പിച്ചിരിക്കണം. പൂരിപ്പിക്കുമ്പോൾ കഴിവതും Capital letters ഉപയോഗിക്കുക. വെട്ടിത്തിരുത്തുകൾ കൂടാതെ വ്യക്തമായും വായിക്കാവുന്ന രീതിയിലും ഓരോ കോളവും പൂരിപ്പിക്കേണ്ടതാണ്.

3. പാസ്പോർട്ട് സൈസ് ഫോട്ടോ നിർദ്ദിഷ്ട സ്ഥാനത്ത് പതിച്ചിരിക്കണം.

4. CGPA / SGPA / ഗ്രേഡ് എന്നീ രീതിയിൽ മാർക്ക് ലഭിച്ചിട്ടുള്ളവർ അതിനെ ശതമാനക്കണക്കിലാക്കി വേണം എഴുതുവാൻ. (ഉദാ : 85%) അത് കൃത്യവും സത്യസന്ധവുമായിരിക്കണം. അല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5. കുറഞ്ഞ വരുമാനമുള്ളവർ, ഭൂരഹിതർ, ഭവനരഹിതർ, വെള്ളപ്പൊക്ക കെടുതിയിൽ ഉൾപ്പെട്ടവർ മുതലായ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന. (ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഉൾപ്പെടുത്തണം)

6. അഡ്രസ്സ്, ഫോൺ നമ്പർ ഇവ വ്യക്തമായി എഴുതിയിരിക്കണം. (സാധിക്കുമെങ്കിൽ രണ്ട് ഫോൺ നമ്പരുകൾ ഉൾപ്പെടുത്തണം വിളിച്ചാൽ ലഭിക്കുന്ന ഫോൺ നമ്പറേ എഴുതാവൂ)

7. കുട്ടിയുടെ അച്ഛനോ അമ്മയോ രണ്ടുപേരുമോ മരണപ്പെട്ടിട്ടുള്ളതാണെങ്കിൽ 13b, 14a കോളങ്ങളിൽ അത് വ്യക്തമായി കാണിക്കണം.

8. Application Form ലെ 33-ാം നമ്പർ കോളം നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ് (Class Teacher sign)

## *സമർപ്പിക്കേണ്ട രേഖകൾ*

a. **ഏറ്റവും ഒടുവിൽ എഴുതിയ രണ്ടു പരീക്ഷകളുടെ മാർക്ക്ലിസ്റ്റ് കോപ്പി** (ഏറ്റവും ഒടുവിൽ എഴുതിയ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് കിട്ടിയിട്ടില്ല എങ്കിൽ അക്കാര്യം കുട്ടി എഴുതുന്ന എഴുത്തിൽ പ്രത്യേകം എടുത്തു പറയുകയും അതിനു മുമ്പ് പാസ്സായ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് വയ്ക്കുകയും വേണം.)

b. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകൻ/ഇടവകവികാരി/വാർഡ്മെമ്പർ ഇവരിൽ ആരുടെയെങ്കിലും ശുപാർശക്കത്ത്.

c. Self Appraisal Form ൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും അതിൽ എഴുതേണ്ടതാണ്.

P.T.O

d. 2024 - 2025 അദ്ധ്യയന വർഷത്തെ Bonafide certificate / Admission proof / Course certificate ഇവയിൽ ഏതെങ്കിലും ഒന്ന്.

e. മാസവരുമാനം കാണിക്കുന്ന റേഷൻ കാർഡിന്റെ കോപ്പി.

f. കുട്ടിയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജ് കോപ്പി.

g. സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയെ സാധൂകരിക്കുന്ന മറ്റെന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ അവ.

10. പൂരിപ്പിച്ച ആപ്ലിക്കേഷനും ആവശ്യമായിരിക്കുന്ന രേഖകളും ചേർത്ത് അവരവർ ഉൾപ്പെടുന്ന ഭദ്രാസനത്തിലെ മാനവശാക്തീകരണ വിഭാഗ ഓഫീസിൽ 2024 ഒക്ടോബർ 25. നു മുമ്പായി സമർപ്പിക്കേണ്ടതാണ്.

Fr. P.A. Philip
Deputy Secretary